www.malankaralibrary.com



# ദിവ്യകാരുണ്യ ആരാധന

**എന്താണ് ദിവ്യകാരുണ്യ ആരാധന?**

ആരാധനയ്ക്ക് പല നിർവചനങ്ങളുണ്ട്. ദൈവ സന്നിധിയിലേക്ക് നമ്മുടെ ഹൃദയം ഉയർത്തുന്നതാണ് ആരാധന. സഭയുടെ ശിരസ്സായ യേശുവിന്റെ നേതൃത്വത്തിൽ ദൈവമക്കൾ പുത്രനിലും, പരിശുദ്ധാത്മാവിലും, പിതാവായ ദൈവത്തിനു സമർപ്പിക്കുന്ന സ്തുതിയും കൃതജ്ഞതയുമാണ് ആരാധന. വളരെ ലളിതമായി പറഞ്ഞാൽ ആരാധനയെന്നത് നമ്മോടൊപ്പം ആയിരിക്കാൻ കരുണ കാണിച്ച ദൈവത്തോടൊപ്പം ആയിരിക്കുന്നതാണ്. ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന് നാം നൽകുന്ന മറുപടിയാണ് ആരാധന. ദൈവം ലോകത്തെ എത്രമാത്രം സ്നേഹിച്ചു. നമ്മെ രക്ഷിപ്പാൻ സ്വന്തം പുത്രനെ വിട്ടുതന്ന ദൈവത്തിന്റെ സ്നേഹം. ദൈവത്തിന്റെ കാരുണ്യം മനുഷ്യരൂപം പ്രാപിച്ചവനാണ് യേശു. അതെ പരിശുദ്ധ പരമ ദിവ്യകാരുണ്യം. പാവങ്ങളെ പടുത്തുയർത്തുന്ന കാരുണ്യം, രോഗികൾക്ക് സൗഖ്യം നൽകുന്ന കാരുണ്യം, ബന്ധിതർക്കു മോചനം നൽകുന്ന കാരുണ്യം, കുരുടർക്കു കാഴ്ചയും ചെകിടർക്കു കേൾവിയും നൽകുന്ന കാരുണ്യം, പാപികൾക്ക് പൊറുതിയും മരിച്ചവർക്ക് ഉയിർപ്പും നൽകുന്ന കാരുണ്യം. നമ്മോടൊപ്പം എന്നുമായിരിക്കാൻ വേണ്ടി വി. കുർബ്ബാന സ്ഥാപിച്ച കാരുണ്യം, നമ്മളെ വിശുദ്ധീകരിക്കാൻ പരിശുദ്ധാത്മാവിനെ നൽകിയ കാരുണ്യം. യേശുവാകുന്ന ദിവ്യദാനം. ദൈവത്തിന് എന്നേരവും, ആരാധനയും, സ്തുതിയും, പുകഴ്ചയും നൽകുക നമ്മുടെ കടമയാണ്. ആ കടമയാണ് ദൈവത്തോടൊപ്പം തിരുമണിക്കൂറിൽ നാം നിർവഹിക്കുന്നത്.

**1. ദൈവത്തോടൊപ്പം ആയിരിക്കുന്നതാണ് ആരാധന.** ഒരിക്കൽ ഒരു കൃഷിക്കാരൻ ദൈവാലയത്തിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ ഒരാൾ കൃഷിക്കാരനോട് ചോദിച്ചു. താങ്കൾ എന്താണ് ദൈവാലയത്തിൽ ചെയ്യുന്നത്? കൃഷിക്കാരൻ മറുപടി പറഞ്ഞു. ഞാൻ എന്റെ നാഥനെ നോക്കിയിരിക്കുന്നു. അവിടുന്ന് എന്നെയും. അതെ എന്നെ നോക്കിയിരിക്കുന്ന ദൈവത്തെ ഞാൻ നോക്കിയിരിക്കുന്നതാണ് ആരാധന എന്നോടൊപ്പമായിരിക്കുന്ന ദൈവത്തോടൊപ്പമായിരിക്കുന്നതാണ് ആരാധന.

**2. ദൈവത്തോടൊപ്പം നടക്കുന്നതാണ് ആരാധന.** മിക്കാ പ്രവാചകന്റെ പുസ്തകം 6/6–8 വരെയുള്ള വേദഭാഗം ഇത് സാക്ഷ്യപ്പെടുത്തുന്നു. ചെയ്യേണ്ടതിതാണ്. നീതി പ്രവർത്തിക്കുക, ദൈവത്തൊടൊപ്പം വിനീതമായി നടക്കുക. ദൈവത്തോടൊപ്പം ഇരിക്കുന്നതും, നടക്കുന്നതും ആരാധനയാണ്.

**3. ദിവ്യകാരുണ്യ ആരാധനയ്ക്ക് ഒരു സാമൂഹ്യമാനമുണ്ട്.** അത് കൂട്ടായ്മയുടെ ആരാധനയാണ്. തങ്ങൾക്കുള്ളത് എത്ര നിസാരമായാലും അത് അഞ്ചപ്പമായാലും രണ്ടു മീനായാലും പങ്കുവക്കുവാൻ തയ്യാറാകുന്ന കാരുണ്യ സമൂഹത്തിലാണ് ദൈവം ദിവ്യകാരുണ്യ അത്ഭുതം പ്രവർത്തിക്കുന്നത്. നമ്മുടെ പങ്കുവക്കുന്നതിന്റെ പരിധികൾ അവസാനിക്കുന്നിടത്ത് ദൈവം അത്ഭുതം ആരംഭിക്കുന്നു. പങ്കുവയ്ക്കുന്നവരുടെ സമൂഹത്തിലാണ് യേശുവിന്റെ സജീവവും ജീവദായകവുമായ സാന്നിധ്യം അനുഭവിച്ചറിയാനാവുക ആദിമ ക്രൈസ്തവർ തങ്ങൾക്കുണ്ടായിരുന്നതെല്ലാം പങ്കുവച്ചു അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കെടുത്തു. ആരാധന സമൂഹത്തിൽ ഐക്യം ഉണ്ടാകണം. ഒരുമിച്ച് ഒരു സമൂഹമായി ദൈവത്തെ ആരാധിക്കണം. കാരണം യേശു എല്ലാവരെയും അവർ ആയിരിക്കുന്ന അവസ്ഥയിൽ സ്നേഹിച്ചവനാണ്. യേശു സമ്പന്നനെ സ്നേഹിച്ചു. യേശു പാവപ്പെട്ടവരെ സ്നേഹിച്ചു. രോഗികൾക്ക് രോഗസൗഖ്യം നൽകികൊണ്ട് യേശു സ്നേഹിച്ചു. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരട്ടെയെന്ന് പറഞ്ഞ് അവരെ അനുഗ്രഹിച്ച് കൊണ്ട് യേശു സ്നേഹിച്ചു. അവിടുത്തെ സ്നേഹത്തിന് അതിരുകളില്ല, വ്യവസ്ഥകളില്ല, പക്ഷപാതമില്ല. ആ സ്നേഹത്തിന്റെ മുൻപിലാണ് പാപികളായ രോഗികളായ, പാവപ്പെട്ടവരായ, സമ്പന്നരായ, കുഞ്ഞുങ്ങളായ നാം ഒത്തു ചേരുന്നത്. ഒത്തു ചേരൽ നമ്മെ ഒറ്റ സമൂഹമാക്കും. **പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും, പുകഴ്ചയും ഉണ്ടായിരിക്കട്ടെ.**

**ഫാ. മാത്യു ചിറയിൽ**